പ്രഭാഷണം ● ഡോ. അസ്ഗറലി എഞ്ചിനീയർ

# അനീതിക്കെതിരിലുള്ള പോരാട്ടം ദീനീബാധ്യത




**ഖുർആന്റെ** കേന്ദ്രാധ്യാപനങ്ങളിൽ പെട്ടതാണ് നീതിയും സമാധാനവും. ഇസ്ലാം എന്ന പദത്തിന്റെ അർഥംതന്നെ സമാധാനം സ്ഥാപിക്കൽ, ദൈവത്തിന് കീഴടങ്ങൽ എന്നൊക്കെയാണ്. 'അസ്ലമ' എന്ന അറബിപദത്തിന് ആയുധം വെച്ച് കീഴടങ്ങുക എന്നും അർഥമുണ്ട്. അതായത് ആയുധങ്ങൾ അടക്കിവെക്കുമ്പോഴാണ് സമാധാനമുണ്ടാവുന്നത്. നീതിയും സമാധാനവും സ്ഥാപിക്കുകയെന്നത് എല്ലാ മുസ്ലിംകളുടെയും മൗലിക ഉത്തരവാദിത്വമാണ്. നീതിയില്ലാതെ സമാധാനമുണ്ടാവുകയില്ല.

ഖുർആൻ നാല് അടിസ്ഥാന മൂല്യങ്ങളെക്കുറിച്ച് ആവർത്തിച്ച് പ്രതിപാദിക്കുന്നുണ്ട്: *അദ്ൽ* (നീതി), *ഇഹ്സാൻ* (നന്മ), *റഹ്മത്ത്* (കാരുണ്യം), *ഹിക്മത്ത്* (വിവേകം). ഇവയൊക്കെയും അല്ലാഹുവിലേക്ക് ചേർത്തു പറഞ്ഞിട്ടുള്ള ഗുണങ്ങൾ കൂടിയാണ്. ആദിൽ, മുഹ്സിൻ, റഹീം, ഹകീം എന്നിങ്ങനെ ഖുർആനിൽ അല്ലാഹു വിശേഷിപ്പിക്കപ്പെടുന്നുണ്ട്. ഖുർആൻ പറയുന്നു: നീതി കാണിക്കുക. അതാണ് തഖ്വയോട് ഏറ്റവും അടുത്തത്. നീതി കാണിക്കാതെ തഖ്വ (ഭയഭക്തി) നേടാനാവില്ലെന്നർഥം.

ആധുനികകാലത്തെ ചില രാജ്യങ്ങളൊഴിച്ചു നിർത്തിയാൽ മുസ്ലിംലോകത്ത് ദാരിദ്ര്യം വ്യാപകമാണ്. ഇന്തോനേഷ്യ മുതൽ അൾജീരിയ വരെയുള്ള പല മുസ്ലിം രാജ്യങ്ങളിലും ഞാൻ യാത്ര ചെയ്തിട്ടുണ്ട്. അവിടങ്ങളിലൊക്കെ ഭൂരിപക്ഷവും ദരിദ്രരാണ്. ഇന്തോനേഷ്യ ഒരു വലിയ രാജ്യമാണ്. ജനസംഖ്യയുടെ 85.7 ശതമാനവും മുസ്ലിംകൾ. ദാരിദ്ര്യം വളരെ വ്യാപകം. വളരെ ചെറിയ ന്യൂനപക്ഷമായ ചൈനീസ് വംശജരാണ് അവിടത്തെ സാമ്പത്തികമേഖലയെ നിയന്ത്രിക്കുന്നത്. അടുത്ത കാലത്തുണ്ടായ വളർച്ച മാറ്റിനിർത്തിയാൽ മലേഷ്യൻ മുസ്ലിംകൾ ദരിദ്രരാണ്. ബംഗ്ലാദേശിലും പാകിസ്താനിലും സ്ഥിതി ഇതുതന്നെ. 1960-കളിൽ എണ്ണ സമ്പത്ത് വരാൻ തുടങ്ങിയതിനുശേഷം മാത്രമാണ് അറബ് രാജ്യങ്ങളിൽ സാമ്പത്തികാഭിവൃദ്ധിയുണ്ടായത്. എന്തുകൊണ്ടാണിങ്ങനെ സംഭവിക്കുന്നത് എന്ന് ആലോചിക്കണം. ഇസ്ലാം നീതിയുടെ ദർശനമായതുകൊണ്ട് വിവിധ ഭൂവിഭാഗങ്ങളിലെ ദരിദ്രരാണ് ഇസ്ലാമിലേക്ക് ആകർഷിക്കപ്പെട്ടത്. ഇന്ത്യയിലെ മുസ്ലിംകളും ദരിദ്രരാണ്. ഇസ്ലാമിലെ സമത്വസങ്കൽപവും ജനങ്ങളെ ഇസ്ലാമിലേക്ക് ആകർഷിക്കാൻ കാരണമായിട്ടുണ്ട്. എന്നാൽ, പിന്നീട് നടക്കേണ്ടിയിരുന്ന അടിസ്ഥാനപരമായ സാമൂഹികമാറ്റം നടന്നില്ലെന്നു മാത്രം. അതിനാൽ ദരിദ്രർ ദരിദ്രരായി തന്നെ തുടർന്നു.

ഏതാനും ചില രാജ്യങ്ങളിൽ സമ്പത്ത് കുന്നുകൂടിക്കിടക്കുന്നു എന്നതാണ് ഇന്നത്തെ ആഗോള പ്രതിഭാസം. പല രാജ്യങ്ങളിലും സമ്പന്ന ന്യൂനപക്ഷത്തിന്റെ കൈയിലാണ് സമ്പത്ത്. സമൂഹത്തിലെ വലിയൊരു വിഭാഗം ഇതിന്റെ ദുരിതങ്ങൾ ഏറ്റുവാങ്ങുകയും ചെയ്യുന്നു. സമ്പത്തിന്റെ കേന്ദ്രീകരണത്തെ ഖുർആൻ അതിനിശിതമായി കൈകാര്യം ചെയ്യുന്നുണ്ട്:

"സ്വർണവും വെള്ളിയും കൂട്ടിവെക്കുകയും അവ ദൈവികമാർഗത്തിൽ ചെലവഴിക്കാതിരിക്കുകയും ചെയ്യുന്ന വർക്ക് വേദനയേറിയ ശിക്ഷ വിളംബരം ചെയ്യുക" (*അത്തൗബ* 34), "ആളുകളെ മുഖത്ത് നോക്കി അധിക്ഷേപി ക്കുന്നതും (മറഞ്ഞുനിന്ന്) കുറ്റം പറയുന്നതും ശീലമാക്കി യവർക്കൊക്കെയും നാശം. അവർ ധനം ശേഖരിക്കുകയും അത് എണ്ണിയെണ്ണി സൂക്ഷിക്കുകയും ചെയ്യുന്നു" (*അൽഹു മസ* 1,2).

സമ്പത്തിന്റെ കേന്ദ്രീകരണം അനീതിയിലേക്കാണ് നയിക്കുന്നത്. ഇന്ന് മഹാരാഷ്ട്ര പോലുള്ള സംസ്ഥാനങ്ങ ളിൽ ദിവസവും കർഷകർ ആത്മഹത്യ ചെയ്തുകൊണ്ടിരി ക്കുകയാണ്. ഇതൊരു നീതിപൂർവകമായ വ്യവസ്ഥയാണോ? സമൂഹത്തിൽ ഇത്തരം വലിയ അനീതികൾ നടമാടുമ്പോൾ നാം നേടിയെന്ന് പറയപ്പെടുന്ന പുരോഗതിയും വികസനവും എന്താണ്? ഇതൊരിക്കലും വികസനമല്ല. ഗാന്ധിജി പറഞ്ഞത് അക്ഷരംപ്രതി ശരിയാണ്: പരമ ദരിദ്രർക്കും ദുർബലർക്കും ഗുണമുണ്ടാക്കുന്നതാണ് യഥാർഥ വികസനം. പക്ഷേ, ഇവിടെ നേരെ മറിച്ചാണ്. പാവപ്പെട്ടവരും ദുർബലരും വിക സനത്തിന്റെ ഇരകളാക്കപ്പെടുമ്പോൾ ഏതാനും ധനാഢ്യർ മാത്രം എല്ലാം ആസ്വദിക്കുന്നു. ഇന്ത്യയുടെ ജി.എൻ.പി 9 ശതമാനമായി വർധിച്ചതിൽ നാം ഊറ്റം കൊള്ളുന്നുണ്ട്. യാത നകൾ മാത്രം വർധിക്കുന്ന ദരിദ്രന് ഇതുകൊണ്ട് എന്തു മെച്ച മാണുള്ളത്?

ഇന്ത്യൻ മുസ്‌ലിംകളുടെ അവസ്ഥയും ഏറെ പരിതാ പകരമാണ്. സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ മേഖല കളിലെ അവരുടെ പതിതാവസ്ഥ ഇപ്പോൾ സച്ചാർ കമ്മിറ്റി റിപ്പോർട്ടിലും നേരത്തേ ഗോപാൽ സിംഗ് ഹൈപവർ കമ്മിറ്റി റിപ്പോർട്ടിലും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. പലയിടങ്ങളിലും ദലി തുകളേക്കാൾ കഷ്ടമാണ് മുസ്‌ലിംകളുടെ അവസ്ഥ. സംവ രണം കൊണ്ട് കുറച്ചധികം ദലിതുകൾക്കെങ്കിലും സർക്കാർ ജോലികൾ ലഭ്യമായിട്ടുണ്ട്. കേരളവും തമിഴ്നാടും ഒഴിച്ചു നിർത്തിയാൽ മുസ്‌ലിംകൾക്ക് ഒരു മതവിഭാഗം എന്ന നില യിൽ എവിടെയും സംവരണം ലഭിക്കുന്നില്ല. മറ്റു പിന്നാക്ക വിഭാഗങ്ങൾക്കും (ഒ.ബി.സി) ഏറ്റവും പിന്നാക്കക്കാർക്കും (എം.ഒ.ബി.സി) സംവരണം നൽകണമെന്ന് സച്ചാർ കമ്മിറ്റി നിർദേശങ്ങളിലുണ്ട്. യഥാർഥത്തിൽ മുസ്‌ലിംകൾ എം.ഒ.ബി. സിയിലാണ് ഉൾപ്പെടുന്നത്. സച്ചാർ ശിപാർശകൾക്ക് എന്തു സംഭവിക്കുന്നു എന്ന് കാത്തിരുന്നു കാണാം.

അല്ലാഹുവിന്റെ കൽപനയെന്നതിനാൽ അനീതിക്കെ തിരായ പോരാട്ടം മുസ്‌ലിംകളുടെ പ്രാഥമിക ബാധ്യതയാ ണ്. അതിന് മുതിരാതെ കാഴ്ചക്കാരനായി നിൽക്കുകയോ ഇരകളായി തുടരുകയോ ചെയ്യുകയാണെങ്കിൽ ഈ ദൈവ കൽപനയോടുള്ള നമ്മുടെ സമീപനം ധിക്കാരപര മായിപ്പോകും. അതിനാൽതന്നെ ഈ പോരാട്ടമുന്നണിയിലെ പതാകവാഹകരാവേണ്ടവരാണ് മുസ്‌ലിംകൾ.

അതേസമയം സമാധാനത്തിനും ഇസ്‌ലാമിൽ മുഖ്യ പ്രാധാന്യമാണുള്ളത്. ഒരു പോരാട്ടവും അക്രമാസക്തമായി ക്കൂടാ. സൂറഃ *അൽ അസ്വ്‌ർ* ഈ അർഥത്തിൽ സുപ്രധാന മാണ്: "കാലമാണ, മനുഷ്യൻ മഹാ നഷ്ടത്തിലാകുന്നു- സത്യവിശ്വാസം കൈക്കൊള്ളുകയും സൽക്കർമങ്ങളനുഷ്ഠി ക്കുകയും പരസ്പരം സത്യമുദ്ബോധിപ്പിക്കുകയും ക്ഷമയു പദേശിക്കുകയും ചെയ്ത ജനങ്ങളൊഴിച്ച്."

ഇവിടെ വിശ്വാസമെന്നത് നേരത്തേപറഞ്ഞ അടിസ്ഥാ നമൂല്യങ്ങളിലുള്ള വിശ്വാസവും സൽക്കർമം അവയുടെ സം സ്ഥാപനത്തിനു വേണ്ടിയുള്ള പരിശ്രമവുമാണ്. ക്ഷമയും വ ളരെ പ്രധാനപ്പെട്ടതാണ്. സത്യത്തിനു വേണ്ടി അങ്ങേയറ്റം ക്ഷമിക്കാനും സഹിക്കാനും നാം തയാറാവണം. അക്രമാസ ക്തമായ പോരാട്ടമാർഗം സ്വീകരിക്കുന്നവർ മറ്റുള്ളവർക്ക് യാതനകൾ നൽകുകയാണ്. അപരനെ പ്രയാസപ്പെടുത്തുന്ന അത്തരം സമരങ്ങൾ കൊണ്ടെന്ത് നേട്ടം? ആത്യന്തികമായി സമരങ്ങളുടെ ലക്ഷ്യം യാതനകളുടെ നിർമാർജനമായിരിക്ക ണം.

അനീതിക്കെതിരായ പോരാട്ടം എല്ലാ ദുർബല വിഭാഗ ങ്ങൾക്കും വേണ്ടിയുള്ളതായിരിക്കണം. എല്ലാവരെയും ഉൾ ക്കൊള്ളുന്ന സമീപനമായിരിക്കണം നമ്മുടേത്. ദുർബല വിഭാ ഗങ്ങളെ പരാമർശിക്കുന്ന ഖുർആൻ അവരുടെ മതം എടു ത്തുപറയുന്നില്ല എന്നത് ശ്രദ്ധേയമാണ്.

"ഭൂമിയിൽ അടിച്ചമർത്തപ്പെട്ടവരോട് ഔദാര്യം കാണി ക്കാനും അവരെ നായകന്മാരാക്കാനും അവരെത്തന്നെ അന ന്തരാവകാശികളാക്കാനും നാം ഉദ്ദേശിക്കുന്നു" (*അൽഖ സ്വസ്* 5). "മതത്തെ കളവാക്കുന്നവനെ താങ്കൾ കണ്ടുവോ? അവൻ അനാഥയെ ആട്ടിയകറ്റുന്നവനും അഗ തിക്ക് അന്നം കൊടുക്കാൻ പ്രേരിപ്പിക്കാത്തവനുമാകുന്നു" (*അൽമാഊൻ* 1-3).

ഈ സൂക്തങ്ങൾ അവതരിക്കുമ്പോൾ മക്കയിൽ മുസ്‌ലിംകളുടെ എണ്ണം വളരെ തുഛമാണ്. ഇവിടെ പരിപാ ലിക്കാൻ കൽപിക്കപ്പെട്ട അനാഥയും ആഹാരം നൽകാൻ കൽപിക്കപ്പെട്ട അഗതിയും അമുസ്‌ലിംകൾ തന്നെയാണ്.

ഖുർആൻ ശ്രദ്ധാപൂർവം വായിക്കുകയാണെങ്കിൽ സ്വേ ഛാധിപതികളും ദുർബലരും തമ്മിലുള്ള നിരന്തര സമരം ചിത്രീകരിക്കപ്പെട്ടതായി കാണാം. ഫിർഔൻ/മൂസാ, നംറൂദ്/ ഇബ്റാഹീം പോരാട്ടങ്ങൾ ഈ സ്വഭാവത്തിലുള്ളതാണ്. നംറൂദ് ഇബ്റാഹീമിനെ തീയിലെറിഞ്ഞപ്പോൾ അല്ലാഹു തീയിന് ശാസന നൽകുന്നു: 'ഓ, അഗ്നീ! നീ തണുക്കുക. ഇബ്റാഹീമിന് സുരക്ഷയാവുക.' ഇവിടെ പറയുന്ന തീ സാധാരണ നാളങ്ങളുള്ള തീയല്ല. പോരാട്ടത്തിന്റെ തീയാ ണത്. പോരാട്ടത്തിന്റെ തീ ദുരിതമനുഭവിക്കുന്ന ഇബ്റാഹീ മിന് സാന്ത്വനമരുളുന്നു.

എന്റെ സുഹൃത്ത് ഹർഷ് മന്ദറിനെക്കുറിച്ചോർക്കുക യാണ്. ഗുജറാത്തിൽ മുസ്‌ലിംവിരുദ്ധ കലാപം കൊടുമ്പിരി കൊള്ളുമ്പോൾ അവിടെ ഒരു ഉദ്യോഗസ്ഥനായിരുന്നു അദ്ദേ ഹം. തനിക്കു ചുറ്റും നടമാടുന്ന അനീതിയിൽ നിരാശയും രോഷവും തോന്നിയ അദ്ദേഹം ഐ.എ.എസ് ജോലി വലി ച്ചെറിയുകയും മുഴുസമയ സാമൂഹിക പ്രവർത്തകനാവുക യും ചെയ്തു. 'ന്യായഗ്രാഹി' എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ച് ഗുജറാത്തിൽ ഗ്രാമഗ്രാമാന്തരങ്ങളിൽ ബോധവ ത്കരണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണിന്ന് അദ്ദേഹം. ഓരോ ഗ്രാമത്തിലും ചെന്ന് അവിടന്ന് കുടിയിറ ക്കപ്പെട്ട മുസ്‌ലിംകൾക്ക് തിരിച്ചുവരവിന് അവസരമൊരുക്കാൻ ഹിന്ദുക്കളെ പ്രേരിപ്പിക്കുകയാണ് അദ്ദേഹവും സഹപ്രവർ ത്തകരും.

നിശ്ശബ്ദവും ക്ഷമാപൂർണവും ദീർഘദൃഷ്ടിയുള്ളതു മായ ഇത്തരം പ്രവർത്തനങ്ങളാണ് നമുക്കാവശ്യം. അനീതി ക്കെതിരിലും ദുർബലർക്ക് വേണ്ടിയും പോരാടുമ്പോൾ എപ്പോഴും ഓർമയിലുണ്ടാവേണ്ട പാഠം പെട്ടെന്ന് ഫലങ്ങൾ പ്രതീക്ഷിക്കരുതെന്നാണ്. ചിലപ്പോൾ വർഷങ്ങളും ദശാബ്ദ ങ്ങളും നീണ്ടുനിൽക്കുന്ന പോരാട്ടമായിരിക്കും. ചിലപ്പോഴെ ങ്കിലും ഇരകൾക്ക് തങ്ങളുടെ യാതനകളുടെ കാരണമറി യാത്ത അവസ്ഥകളുമുണ്ടാകും.

ഇവിടെ കൂടിയ യുവാക്കളോട് ഞാൻ പറയുന്നു: അനീ തിക്കെതിരിലുള്ള പോരാട്ടം നിങ്ങളുടെ ദീനീബാധ്യതയാണ്. അനീതി എവിടെയായാലും, ആരിൽ കണ്ടാലും നിങ്ങൾ കല ഹിച്ചുകൊണ്ടിരിക്കുക. ■

(സോളിഡാരിറ്റി മലപ്പുറം സമ്മേളനത്തോടനുബന്ധിച്ച് മഞ്ചേ രിയിൽ സംഘടിപ്പിച്ച സംവാദത്തിൽ ചെയ്ത പ്രഭാഷണം. **വിവ: എം. സാജിദ്**)